DESPATCHED
On..4/04/2022

31/3/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 19(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.378/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in –ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 31**

| | |
|---|---|
| ശ്രീ. സുധീഷ് എസ്.,<br>ആനന്ദഭവനം,<br>എസ്.വി. മാർക്കറ്റ് പി.ഒ.,<br>കരുനാഗപ്പള്ളി, ആലപ്പുഴ ജില്ല. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്,<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടാഫീസ്,<br>ആലപ്പുഴ.<br>2. അപ്പീൽ അധികാരി &<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,<br>ആലപ്പുഴ. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 27.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.8.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 7.9.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 20.10.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 3.1.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 7.1.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.2.2022, 21.2.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 30.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സുധീഷ് എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ 27.7.2022–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കാതെ വന്നതിനാൽ 7.9.2021–ന് അപ്പീൽ അധികാരിക്ക് അപ്പീൽ നൽകി എന്നും അതിനുശേഷം 20.10.2021 തീയതി

രേഖപ്പെടുത്തി അപ്പലേറ്റ് അതോറിറ്റിയുടെ നടപടി ക്രമത്തോടൊപ്പം ഒന്നാം എതിർകക്ഷി 18.8.2021–ന് നൽകിയതായി അവകാശപ്പെടുന്ന കത്തിന്റെ പകർപ്പ് ലഭിക്കുകയുണ്ടായി എന്നും എന്നാൽ അപേക്ഷയിലെ ചോദ്യ നമ്പർ 2–ന് പൂർണ്ണമായ മറുപടി ലഭ്യമാക്കിയില്ലെന്നും ചോദ്യനമ്പർ 3–ന് നൽകിയ മറുപടി തെറ്റായതും കെട്ടിച്ചമച്ചതുമാണെന്നും ആകയാൽ തെറ്റായ മറുപടി നൽകിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ നടപടി എടുക്കണമെന്നും ശരിയായ വിവരം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധികാര പരിധിയിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ഒരേ തസ്തികയിൽ മൂന്ന് വർഷം പൂർത്തിയാക്കിയ എത്ര ക്ലർക്ക്, സീനിയർ ക്ലർക്ക് ഉണ്ടെന്നും, തസ്തിക തിരിച്ചുള്ള ജീവനക്കാരുടെ പേരുവിവരം, പഞ്ചായത്തിന്റെ പേര് എന്നിവ നൽകണമെന്നും

ii. മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ തസ്തികയിൽ തുടരുന്ന ജീവനക്കാരുണ്ടായിട്ടും പൊതു സ്ഥലമാറ്റത്തിന്റെ ഭാഗമായി ടി ഓഫീസിലേക്ക് അപേക്ഷ സമർപ്പിച്ച ജീവനക്കാർക്ക് സ്ഥലമാറ്റം നൽകാതെ തുടരാൻ അനുവദിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്നും മറ്റുമായി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 16.8.2021–ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. എന്നാൽ ഹർജിക്കാരൻ 7.9.2021 തീയതി രേഖപ്പെടുത്തി നൽകിയ അപ്പീൽ ഹർജിയിൽ പ്രസ്താവിച്ചിട്ടുള്ളത്, ടിയാന്റെ 27.7.2021 ലെ അപേക്ഷയ്ക്ക് 7.9.2021 തീയതി വരെ മറുപടി ലഭ്യമായിട്ടില്ല എന്നാണ്. ടി അപ്പീൽ തീർപ്പാക്കി രണ്ടാം എതിർകക്ഷി 20.10.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 17.8.2021–ലെ സി3–9812/21 നമ്പർ കത്ത് പ്രകാരം 18.8.2021 തീയതിയിൽ അയച്ചു നൽകിയിട്ടുള്ളതായും, ടി കത്ത് കൈപ്പറ്റാതെ നാളിതുവരെ തിരികെ വന്നിട്ടില്ലാത്തതാണെന്നും എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്യുകയും ടി മറുപടിയുടെ പകർപ്പ്, ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് എന്നിവ ഹാജരാക്കുകയും ചെയ്തുവെന്നും അപ്പീൽ വാദി വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പോസ്റ്റ് ഓഫീസിന്റെ പൂർണ്ണമായ പേര്,പിൻകോഡ് എന്നിവ വ്യക്തമാക്കിയിട്ടില്ലാത്തതാണെന്ന് കാണുന്നുവെന്നും ആയതിനാൽ അപ്പീൽ വാദിയുടെ കൃത്യമായ മേൽവിലാസം (പിൻകോഡ് സഹിതം) 10 ദിവസത്തിനകം തപാലിലോ, ഇ–മെയിൽ വിലാസത്തിലോ സമർപ്പിക്കുന്നതിനും, അപ്പീൽ വാദിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഫോൺ മുഖാന്തിരവും ബോധിപ്പിക്കുന്നതിന് ബന്ധപ്പെടുവാനുള്ള ഫോൺ നമ്പർ സഹിതം അപ്പീൽ വാദിക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് മറുപടിയൊന്നും ലഭിച്ചിട്ടില്ലാത്തതും പ്രസ്തുത കത്ത് തിരികെ ലഭിച്ചിട്ടില്ലാത്തതുമാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ 27.7.2021 തീയതി രേഖപ്പെടുത്തി 28.7.2021–ൽ

എതിർകക്ഷി ഓഫീസിൽ നൽകിയ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ ടിയാന്റെ വിലാസം രേഖപ്പെടുത്തിയിരുന്നത് സുധീഷ് എസ്., ആനന്ദഭവനം, എസ്.വി. മാർക്കറ്റ് പി.ഒ., കോഴിക്കോട് എന്നായിരുന്നു എന്നും ടി അപേക്ഷക്കുള്ള മറുപടി 17.8.2021–ലെ സി3–9812/2021 നമ്പർ കത്ത് പ്രകാരം നൽകിയിട്ടുള്ളതും 18.8.2021–ൽ മേൽപ്പടി വിലാസത്തിൽ ഡെസ്പാച്ച് ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത കത്ത് മടങ്ങി വന്നിട്ടില്ലാത്തതാണെന്നും ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചപ്പോൾ മാത്രമാണ് അപേക്ഷകന് വിവരം ലഭിച്ചില്ല എന്ന് ബോധ്യപ്പെട്ടതെന്നും ഒന്നാം അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ രേഖപ്പെടുത്തിയിരുന്ന വിലാസം ശ്രീ. സുധീഷ് എസ്., ആനന്ദഭവനം, എസ്.വി.. മാർക്കറ്റ് പി.ഒ., കരുനാഗപ്പള്ളി എന്നാണെന്നും ആദ്യ അപേക്ഷയിൽ കരുനാഗപ്പള്ളി എന്നു ചേർക്കാതിരുന്നതിനാലും കോഴിക്കോട് എന്ന് രേഖപ്പെടുത്തിയിരുന്നതിനാലും ആയത് കോഴിക്കോട് ജില്ലയിലേക്ക് പോയതു കൊണ്ടാവണം ഹർജിക്കാരന് വിവരം ലഭിക്കാതിരുന്നത് എന്ന വസ്തുത മറച്ചുവെച്ചാണ് ടിയാൻ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നും പിൻകോഡ് നമ്പരോ ജില്ലയുടെ പേരോ ഇല്ലാതെ നൽകിയ അപേക്ഷയിലെ പിഴവ് കൊണ്ടാണ് വിവരം ലഭിക്കാതിരുന്നതെന്ന് ബോധ്യപ്പെട്ട ഒന്നാം അപ്പീൽ അധികാരി ആയത് തീർപ്പാക്കിക്കൊണ്ട് 20.10.2021–ൽ ഉത്തരവായിട്ടുള്ളതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ ടി കാര്യാലയത്തിലെ എസ്.പി.ഐ.ഒ മുമ്പാകെ 27.7.2021 തീയതി രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്ന് കാണിച്ച് 7.9.2021 തീയതി രേഖപ്പെടുത്തി സമർപ്പിച്ച അപ്പീൽ അപേക്ഷ ടി ഓഫീസിൽ സമർപ്പിച്ചിരുന്നു എന്നും ടി അപ്പീൽ തീർപ്പാക്കുന്നതിലേയ്ക്കായി എസ്.പി.ഐ.ഒ യോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ആയതിന് എസ്.പി.ഐ.ഒ 16.9.2021ന് റിപ്പോർട്ട് നൽകുകയും ടി റിപ്പോർട്ടിൽ വിവരാവകാശ നിയമ പ്രകാരം 27.7.2021 തീയതി രേഖപ്പെടുത്തി 28.7.2021 ൽ സമർപ്പിച്ച അപേക്ഷയ്ക്ക് 17.8.2021 തീയതിയിലെ സി3–9812/21 നമ്പർ കത്ത് പ്രകാരം അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള മേൽവിലാസത്തിൽ 18.8.2021 തീയതിയിൽ അയച്ചു നൽകിയിട്ടുള്ളതായും ടി കത്ത് കൈപ്പറ്റാതെ നാളിതുവരെ തിരികെ വന്നിട്ടില്ലാത്തതാണെന്നും എസ്.പി.ഐ.ഒ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിലും, അപ്പീൽ അപേക്ഷയിലും രേഖപ്പെടുത്തിയിട്ടുള്ള അപ്പീൽ വാദിയുടെ മേൽവിലാസത്തിലെ വീട്ടുപേര് ഒന്നുതന്നെയാണെങ്കിലും എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ എസ്.വി.എം. പി.ഒ. കോഴിക്കോട് എന്നും അപ്പീൽ അപേക്ഷയിൽ എസ്.വി.മാർക്കറ്റ് പി.ഒ., കരുനാഗപ്പള്ളി എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത രണ്ട് അപേക്ഷകളിലും പിൻകോഡ്, ജില്ലയുടെ പേര് വന്നിവ വ്യക്തമാക്കിയിട്ടില്ലാത്തതുമാണെന്നും ഹർജിക്കാരനെ ബന്ധപ്പെടുന്നതിന് ഫോൺ നമ്പറും രേഖപ്പെടുത്തിയിട്ടില്ലായിരുന്നു എന്നും കൊവിഡ്–19–ന്റെ സാഹചര്യത്തിൽ നേരിട്ടുള്ള ഹിയറിംഗ് പ്രായോഗികമല്ലാത്തതി–നാൽ, അപ്പീൽ സംബന്ധിച്ച് അപ്പീൽ വാദിക്ക് ഫോൺ മുഖാന്തിരം ബോധിപ്പിക്കുന്നതിന് ബന്ധപ്പെടുവാനുള്ള ഫോൺ നമ്പർ സഹിതം 25.9.2021–ൽ അപ്പീൽ അധികാരിയുടെ ഓഫീസിൽ നിന്നും അറിയിപ്പ് നൽകിയിരുന്നുവെങ്കിലും മറുപടിയൊന്നും സമർപ്പിക്കുകയോ/ബന്ധപ്പെടുകയോ ചെയ്തിട്ടില്ലെന്നും അപ്പീൽ ഉത്തരവിനോടൊപ്പം എസ്.പി.ഐ.ഒ നൽകിയ മറുപടിയുടെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്ത് അപ്പീൽ വാദിക്ക് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയിൽ നൽകിയ വിലാസം കോഴിക്കോട് എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലാവാം ഒന്നാം എതിർകക്ഷി നൽകിയ 16.8.2021–ലെ മറുപടി ഹർജിക്കാരന് ലഭിക്കാതെ പോയത് എന്ന് കാണുന്നു. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ടിയാന്റെ അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടിയിലാണ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാകുക എന്നതാണ് ഒരു പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. സാങ്കൽപ്പിക ചോദ്യങ്ങൾ, വിശദീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 2–ാമത് ഇനത്തിൽ ഉന്നയിച്ച ജീവനക്കാരെ തുടരാൻ അനുവദിച്ചതിന്റെയും മൂന്നാമത് ഇനത്തിൽ ആവശ്യപ്പെട്ട സീനിയർ ക്ലർക്കിനെ സ്ഥലം മാറ്റിയതിനെയും സംബന്ധിച്ച കാരണം എന്താണെന്നുള്ള ചോദ്യത്തിന് എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകത കാണുന്നില്ല. എന്നാൽ മൂന്നാമത് ഇനത്തിൽ ആവശ്യപ്പെട്ട ഒരു വർഷം പൂർത്തിയാകാതെ സ്ഥലം മാറ്റിയ സീനിയർ ക്ലർക്കുമാരുടെ പേര്, കാലയളവ് എന്നീ വിവരങ്ങൾക്ക് വ്യക്തത വരുത്തിയ മറുപടി തയ്യാറാക്കി ശ്രീ.സുധീഷ് വി., ആനന്ദഭവനം, എസ്.വി.മാർക്കറ്റ് പി.ഒ., കരുനാഗപ്പള്ളി/ശ്രീ.സുധീഷ് എസ്., ആനന്ദഭവനം, എസ്.വി.മാർക്കറ്റ് പി.ഒ., കോഴിക്കോട്, കരുനാഗപ്പള്ളി എന്നീ വിലാസങ്ങളിൽ രജിസ്റ്റേർഡ് തപാലിൽ 15.4.2022നകം ഹർജിക്കാരന് ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി അയച്ചു കൊടുക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 31–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk